(ബി) സർവ്വകലാശാലയുടെ അക്കാദമിക് കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അക്കാദമിക് കൗൺസിൽ രൂപീകരിച്ച ശേഷം ഇതുസംബന്ധിച്ചുള്ള തീരുമാനങ്ങളും നടപടികളും സ്വീകരിക്കുന്നതാണ്.

(സി) അക്കാദമിക് കൗൺസിൽ രൂപീകരണത്തിനുശേഷം കേരള ആരോഗ്യ സർവ്വകലാശാലാ നിയമത്തിനനുസൃതമായി സർവ്വകലാശാലക്കു കീഴിലുള്ള കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുന്നതാണ്.

(ഡി) സംസ്ഥാനത്തെ പൊതുജന ആരോഗ്യ പരിപാലനം സംബന്ധിച്ചുള്ള ഗവൺമെന്റ് നയം രൂപീകരിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപീകരിക്കുക എന്ന ലക്ഷ്യത്തോടെ നിരവധി വർക്ഷോപ്പുകൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം നടന്നുകഴിഞ്ഞു.

മെഡിക്കൽ സർവ്വകലാശാലയുടെ പ്രവർത്തനം

50 (499) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആരംഭിച്ച മെഡിക്കൽ സർവ്വകലാശാലയുടെ പ്രവർത്തനം ഏതുഘട്ടംവരെയെത്തിയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സർവ്വകലാശാലയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനമേഖലകളും വ്യക്തമാക്കുമോ ;

(സി) ഇതിനകം ഈ സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾക്ക് എന്തൊക്കെ സൗകര്യങ്ങൾ ഒരുക്കിക്കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ സർവ്വകലാശാല തൃശൂർ മെഡിക്കൽ കോളേജ് കാമ്പസിലെ താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. നിലവിൽ 206 കോളേജുകൾ ഈ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. 2010-11 വർഷത്തിലെ പരീക്ഷകൾ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. സർവ്വകലാശാലയുടെ ഗവേണിംഗ് കൗൺസിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർവ്വകലാശാലയ്ക്ക് അനുവദിച്ച 67 ഏക്കർ ഭൂമിയിൽ പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) അലോപ്പതി, ഹോമിയോപ്പതി, ഭാരതീയ ചികിത്സാ സമ്പ്രദായം, ആയുർവ്വേദ, സിദ്ധ, യോഗ, നാച്ചുറോപ്പതി, യുനാനി അനുബന്ധ ശാഖകൾ എന്നീ മേഖലകളിലെ വിദ്യാഭ്യാസ സമ്പ്രദായങ്ങൾക്ക് തുല്യ പരിഗണന നൽകി ശരിയായതും ക്രമീകൃതവുമായ അദ്ധ്യയനം, പരിശീലനം, ഗവേഷണം എന്നിവ നടത്തുക എന്ന വിശാലമായ ലക്ഷ്യം മുൻനിർത്തിയാണ് ആരോഗ്യ സർവ്വകലാശാല രൂപീകരിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വൈസ് ചാൻസലർ, പ്രൊ. വൈസ് ചാൻസലർ, രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നീ സ്ഥാനങ്ങളിലേക്ക് അനുയോജ്യരായ വ്യക്തികളെ നിയമിച്ചു.

2. നിയമപ്രകാരമുള്ള ഗവേണിംഗ് കൗൺസിൽ രൂപീകരിച്ചു.

3. താൽക്കാലിക പ്രവർത്തനത്തിന് തൃശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ ഒരു ബഹുനില മന്ദിരം അനുവദിച്ച് കൊടുത്തു.

4. തൃശൂർ മെഡിക്കൽ കോളേജ് വളപ്പിൽ 67 ഏക്കർ സ്ഥലം കൈമാറ്റം ചെയ്തു.

5. അത്യാവശ്യ പ്രവർത്തനങ്ങൾക്കായി ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുണ്ട്.

6. 2010-11 വർഷത്തിലെ വിവിധ കോഴ്സുകളിലേക്കുള്ള പ്രവേശന നടപടികൾ പൂർത്തിയായിവരുന്നു.

7. 2010-11 വർഷത്തിലെ പരീക്ഷകൾ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

8. സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ആരോഗ്യ സർവ്വകലാശാലാ കോഴ്സുകളുടെ അംഗീകാരം

51 (500) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ രൂപീകരിച്ച ആരോഗ്യ സർവ്വകലാശാല ഏതെല്ലാം ഡിഗ്രികളാണ് നൽകുന്നത് ;

(ബി) ഈ സർവ്വകലാശാല നടത്തുന്ന ഏതെല്ലാം ഡിഗ്രി കോഴ്സുകൾക്കും, നൽകുന്ന ഏതെല്ലാം ഡിഗ്രികൾക്കും മെഡിക്കൽ കൗൺസിലിന്റെയും ഡെന്റൽ കൗൺസിലിന്റെയും അംഗീകാരം ലഭിച്ചു ;

(സി) ലഭിച്ചില്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(ഡി) ഈ സർവ്വകലാശാല നടത്തുന്ന ഏതെല്ലാം കോഴ്സുകൾ അംഗീകരിക്കുന്നതിനായി കേന്ദ്രസർക്കാരിനും, മെഡിക്കൽ കൗൺസിലിനും ഡെന്റൽ കൗൺസിലിനും നാളിതുവരെ അപേക്ഷ സമർപ്പിച്ചു ;

(ഇ) അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) ഇതിൽ ഏതെല്ലാം കോഴ്സുകൾക്കും ഡിഗ്രികൾക്കും അംഗീകാരം ലഭിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly